# Chicago Knanaya Catholic Parish Bulletin

**Sacred Heart Knanaya Catholic Church, 611 Maple St., Maywood, IL 60153**
**St. Mary's Parish Unit, 5212 W. Agatite Ave, Chicago, IL 60630**
**July 19, 2009, Vol. 4, Issue 43**
**All issues of our bulletin are available at www.knanayaregion.us/chicago/bulletin.htm**






# രണ്ടാമത്തെ പള്ളിയെക്കുറിച്ച് മുത്തോലത്തച്ചനുമായി അഭിമുഖം

ഷിക്കാഗോയിലെ ക്നാനായ മിഷന് അടിക്കടി കുതിച്ചു കയറ്റമാണ്. ഇടവകയായി ഉയർന്നു മൂന്നു വർഷം തികയുന്നതിനു മുൻപ് രണ്ടാമത്തെ പള്ളിയ്ക്കുള്ള ശ്രമം ഇവിടെ ആരംഭിച്ചു കഴിഞ്ഞു. രണ്ടാമത്തെ പള്ളിയുടെ പദ്ധതി ഏതാണ്ട് എല്ലാവർക്കുംതന്നെ ഇപ്പോൾ സ്വീകാര്യമാണ്. എങ്കിലും ഇവിടെ വായ്മൊഴി, ടെലിഫോൺ, ഈ-മെയിൽ, ഊമകത്തുകൾ എന്നിവവഴി പ്രചരിച്ച തെറ്റിദ്ധാരണകളുടെയും സ്വാഭാവിക സംശയങ്ങളുടെയും വെളിച്ചത്തിൽ സാധാരണ ജനങ്ങൾക്കുള്ള ചില ചോദ്യങ്ങൾക്ക് നമ്മുടെ വികാരി ഫാ. ഏബ്രഹാം മുത്തോലത്തുമായി സാജു കണ്ണമ്പള്ളി നടത്തിയ അഭിമുഖം താഴെ ചേർക്കുന്നു.

**(1) അർലിഗ്ഡൺ ഹൈറ്റ്സിലെ സ്ഥലവും കെട്ടിടവും വാങ്ങുന്നത് എവിടംവരെയായി?**

അതു വാങ്ങുന്നതിനുള്ള ഉടമ്പടിയിൽ ഒപ്പുവച്ച് അഡ്വാൻസ് കൊടുത്തുകഴിഞ്ഞു. നികുതി ഒഴിവായി, മതപരമായ കാര്യങ്ങൾക്ക് ബാപ്റ്റിസ്റ്റ് സഭക്കാർ ഉപയോഗിച്ചുവരുന്ന കെട്ടിടമായതിനാൽ അതു പള്ളിയായി ഉപയോഗിക്കുന്നതിന് അനുവാദം കിട്ടുക എളുപ്പമാണ്. അതിനായി സിറ്റിയിൽ അപേക്ഷ സമർപ്പിച്ചിരിക്കുകയാണ്. വൈകാതെ അനുകൂല മറുപടി പ്രതീക്ഷിക്കുന്നു.

**(2) ഇപ്പോൾ വാങ്ങുന്ന കെട്ടിടത്തിൽ വൈദികനു താമസിക്കുവാൻ സാധിക്കുമോ?**

പള്ളിയ്ക്കൊപ്പം വൈദിക വസതിയ്ക്കുള്ള അനുവാദത്തിനും അപേക്ഷിച്ചിട്ടുണ്ട്. കത്തോലിക്കാ പള്ളികളോടനുബന്ധിച്ച് വൈദികർ താമസിക്കാറുള്ളതിനാൽ അതിന് അനുവാദം കിട്ടുവാൻ സാദ്ധ്യതയുണ്ട്.

**(3) പുതിയ പള്ളി വാങ്ങിയാൽ രണ്ട് ഇടവകകളായി തിരിയ്ക്കുമോ?**

ഉടനെ ഇല്ല. ഷിക്കാഗോ ക്നാനായ കത്തോലിക്കർ രണ്ടു പള്ളികളുള്ള ഒരു ഇടവകയായി കുറേക്കാലം നിലനില്ക്കും.

**(4) അർലിംഗ്ഡൺ ഹൈറ്റ്സിലെ പള്ളി നിലവിൽ വരുമ്പോൾ മുത്തോലത്തച്ചന്റെ സേവനം എവിടെ ആയിരിക്കും?**

രണ്ടിടത്തും ഒരുപോലെ ഉണ്ടാകും. രൂപതാദ്ധ്യക്ഷന്റെ അനുവാദത്തോടെ മറ്റൊരു വൈദികന്റെ ഫുൾടൈം സേവനം ലഭ്യമാക്കുവാൻ ശ്രമിക്കുന്നതാണ്. സ്വതന്ത്ര ഇടവകകളല്ലാത്തതിനാൽ വെവ്വേറെ വികാരിമാർ ഉടനെ ഉണ്ടാകില്ല.

**(5) അപ്പോൾ രണ്ടു പള്ളികൾക്കും പിരിവു കൊടുക്കേണ്ടി വരുമോ?**

(Continued on page 3)



Feast Celebration of St. Thomas the Apostle at our church with Bishop George Pallipparambil as the main celebrant.

## PASTOR / VICAR

**Fr. Abraham Mutholathu Jacob**
**5212 W. Agatite Ave., Chicago, IL 60630.**
**(773) 412-6254 (cell) mutholath2000@yahoo.com**
***www.knanayaregion.us/chicago***
**For a list of Voluntary Staff / upcoming events, visit:**
***www.knanayaregion.us/chicago/staff.htm***
***www.knanayaregion.us/chicago/calendar.htm***

## HOLY MASS

**SUNDAY 10:00 A.M.**
**5:30 P.M. at OLV, 5212 W. Agatite Ave, Chicago**
**ENGLISH MASS at 11:30 A.M. during Religious Education School days.**
**THURSDAY 7:00 P.M. Community Center**
**FRIDAY 7:00 P.M.**
**SATURDAY 10:00 A.M.**

## SYRO-MALANKARA MASS

**Third Sundays of the month at 8:30 A.M.**

## RELIGIOUS EDUCATION

**ON SUNDAYS 10:00 A.M. to 11:15 A.M.**
**3:45 P.M. to 5:00 P.M. at OLV for St. Mary's Unit**

## ADORATION

**ALL: First Fridays after Mass.**

## NOVENAS

**B.V. Mary after Saturday 10:00 A.M. Mass.**
**St. Jude Novena on Thursdays at 7:00 P.M. at Community Center.**
**St. Michael 3rd Fridays of the month after 7:00 P.M. Mass.**

## PRAYER GROUP

**Sundays after 10:00 A.M. Mass.**

## ST. VINCENT DE PAUL SOCIETY

**Sundays after 10:00 A.M. Mass**

## LEGION OF MARY

**First and Third Saturdays after 10:00 A.M. Mass.**

## PARISH VOLUNTEERS' MEETING

**First Friday evenings after Holy Mass.**




### SATURDAY, JULY 18, 2009

Holy Mass and Novena at Maywood at 10:00 A.M.

### SUNDAY, JULY 19, 2009

കൈത്താക്കാലം ആരംഭിക്കുന്നു.

Syro-Malankara Holy Mass at 8:30 A.M.
Second Collection for Sabha Dinam at both churches.
Holy Mass at 10:00 A.M.
Seminar of Prevalence of Cardiac Conditions among Indians by Dr. Enas hosted by KCYL Chicago at parish hall after 10:00 A.M. mass.
Baptism and Holy Mass at OLV at 5:30 P.M.

### THURSDAY, JULY 23, 2009

Holy Mass, Novena & Benediction at Community Center at 7:00 P.M.

### FRIDAY, JULY 24, 2009

Holy Mass at Maywood at 7:00 P.M.
St. James (St. Mary's Unit) Koodarayogam at 8:30 P.M. at the house of Anil Edukkuthara.

### SATURDAY, JULY 25, 2009

Feast Day of St. Jacob
Holy Mass with Baptism and Novena at Maywood at 10:00 A.M.
St. Michael's Koodarayogam with Picnic from 10:00 A.M. to 7:00 P.M.

### SUNDAY, JULY 26, 2009

Death Anniversary of Mar Thomas Tharayil (07-26-75).
Memorial prayer service at Maywood and OLV after Holy Mass.
Feast Celebration of St. Jacob by Jacobs of the parish. Co-ordinator: Jacob Pullappally.
Holy Mass at 10:00 A.M.
Holy Mass at OLV at 5:30 P.M.

### TUESDAY, JULY 28, 2009

Feast Day of St. Alphonsa.

### THURSDAY, JULY 30, 2009

Holy Mass, Novena & Benediction at Community Center at 7:00 P.M.

### FRIDAY, JULY 31, 2009

Feast day of St. Ignatius Loyola.
Holy Mass at Maywood at 7:00 P.M.

### SATURDAY, AUGUST 1, 2009

Holy Mass and Novena at Maywood at 10:00 A.M.

### SUNDAY, AUGUST 2, 2009

Feast Celebration of St. Alphonsa with procession around the church at Maywood at 10:00 A.M.
Sponsor: Mathew & Alphonsa Poothura.
Holy Mass at OLV at 5:30 P.M.

### THURSDAY, AUGUST 6, 2009

Feast Day of Transfiguration of Jesus.
Youth Retreat at Maywood by Thy Kingdom Come Team from 9:00 A.M. to 7:00 P.M.
Holy Mass, Novena & Benediction at Community Center at 7:00 P.M.

### FRIDAY, AUGUST 7, 2009

Youth Retreat continues at Maywood by Thy Kingdom Come Team from 9:00 A.M. to 7:00 P.M.

*(Continued from page 1)*

ഇടവക കമ്മറ്റി തീരുമാനിക്കുന്ന മിനിമം സംഭാവന ഏതെങ്കിലും ഒരു പള്ളിയിൽ നല്കണം. ബാക്കി അവനവന്റെ ഇഷ്ടം പോലെ കൊടുക്കാം.

(6) മേവുഡിൽ നടക്കുന്ന എല്ലാ കാര്യങ്ങളും അതേ സമയത്ത് രണ്ടാമത്തെ പള്ളിയിലും ഉണ്ടാകുമോ?

രണ്ടു പള്ളികളിലും ഒരേസമയം ഇടവകകളിൽ പതിവുള്ള എല്ലാ തിരുക്കർമ്മങ്ങളും നടത്തുന്നതാണ്. എന്നാൽ അതാതു പള്ളിയിൽ വരുന്ന വിശ്വാസികളുമായി അലോചിച്ച് അവരുടെ സൗകര്യാർത്ഥം വേണ്ട മാറ്റങ്ങൾ വരുത്താവുന്നതാണ്. കൂടാതെ സംയുക്ത പരിപാടികൾ വഴി ഐക്യ മനോഭാവം പ്രോത്സാഹിപ്പിക്കും. രണ്ടു പള്ളികളിലും എല്ലാവർക്കും യഥേഷ്ടം പങ്കെടുക്കാം.

(7) അർലിംഗഡിൽ പള്ളി എന്ന് ഉപയോഗയോഗ്യമാകും?

ഉടമ്പടി പ്രകാരം സെപ്റ്റംബർ 30നകം ക്ലോസിംഗ് നടത്തണം. തുടർന്ന് അധികം വൈകാതെ കെട്ടിടം നമുക്ക് ഉപയോഗിക്കാം. എന്നാൽ പള്ളിയാക്കുവാൻ ചില പണികൾ ആവശ്യമായിവരും. പണികൾ നടക്കുമ്പോഴും ഒരു പക്ഷേ തിരുക്കർമ്മങ്ങൾ നടത്തുവാൻ സാധിച്ചേക്കും. അവിടെ ഉപയോഗ യോഗ്യമാകുന്നതുവരെ ഓ.എൽ.വി. പള്ളിയിലെ നമ്മുടെ കുർബ്ബാനയും വേദപാഠ ക്ലാസ്സുകളും തുടരുന്നതാണ്.

(8) നമ്മൾ വാങ്ങുന്ന കെട്ടിടത്തിനു പൊക്കക്കുറവാണെന്നു കേൾക്കുന്നല്ലോ. അപ്പോൾ പള്ളിയായി ഉപയോഗിക്കുവാൻ പറ്റുമോ?

ആ കെട്ടിടത്തിലെ ഓഫീസ് സെറ്റപ്പ് മാറ്റുമ്പോൾ ഒൻപതര അടി പൊക്കമുള്ള ഹോളായി കിട്ടും. എയർ കണ്ടീഷനിംഗ് ലാഭത്തിനുവേണ്ടി ഡ്രോപ്പ് സീലിംഗ് താഴ്ത്തിയാണ് ഇട്ടിരിക്കുന്നത്. ഈയിടെ നാം നിയോഗിച്ച എഞ്ചിനീയറുടെ പരിശോധനയിൽ ഡ്രോപ്പ് സീലിംഗ് മാറ്റിയാൽ നാല് അടി കൂടി ഉയർത്തുവാൻ കഴിയും. അപ്പോൾ ആവശ്യത്തിന് ഉയരമാകും. മേവുഡ് പള്ളിയിലെ ഹോളിൽ നാം അങ്ങനെയാണു ചെയ്തത്.

(9) നാം വാങ്ങുന്ന കെട്ടിടത്തിൽ ഇടവകയ്ക്ക് ആവശ്യമായവ എല്ലാം ലഭ്യമാണോ?

2.1 ഏക്കർ സ്ഥലത്തിൽ 88 പാർക്കിംഗ് കഴിഞ്ഞാൽ ബാക്കി ഭാഗം മുഴുവൻ കെട്ടിടമാണ്. ബേസ്മെന്റിൽ ഉയരമുള്ള ഹോൾ ഉണ്ടാക്കാം. ഒന്നാം നിലയിലെ നടുമുറ്റത്തിന് ഉയർന്ന മേൽക്കൂര ഇടുവാൻ സാധിച്ചാൽ വിശാലവും മനോഹരവുമായ പള്ളിയാക്കുവാൻ കഴിയും. അത് സാധിച്ചില്ലെങ്കിൽതന്നെ, പള്ളിയും ഹോളും മതബോധന ക്ലാസ്സുകളും ഒന്നാം നിലയിൽ ലഭ്യമാകും.

(10) ബാങ്ക് ലോണിനുവേണ്ടി പ്ലെഡ്ജ് ഫോം ഒപ്പിട്ടു നല്കിയാൽ ബാങ്കുകാർ കൂടുതൽ പണം എടുക്കുവാൻ ഇടയാകുമോ? അല്ലെങ്കിൽ മറ്റെന്തെങ്കിലും നഷ്ടം ഉണ്ടാകുമോ?

ഒരിക്കലുമില്ല. വളരെ ലളിതമായ പ്ലെഡ്ജ് ഫോമിൽ വ്യവസ്ഥ വളരെ വ്യക്തമാക്കിയിട്ടുണ്ട്. പ്ലെഡ്ജ് ചെയ്യുന്ന വ്യക്തിയുടെ ബാങ്ക് അക്കൗണ്ടിൽനിന്ന് അയാൾ ആ ഫോമിൽ എഴുതിയിരിക്കുന്ന തുക അതിൽ പറയുന്ന അഞ്ചു വർഷത്തേയ്ക്ക് പ്രതിമാസ ഗഡുക്കളായി പള്ളിയുടെ ബാങ്ക് അക്കൗണ്ടിലേയ്ക്കു മാറ്റുവാൻ വേണ്ട സമ്മതമാണ് നല്കുന്നത്. പള്ളിയുടെ ബാങ്ക് അക്കൗണ്ടിൽനിന്നാണ് ബാങ്കിലെ പ്രതിമാസ ലോൺതുക അടയ്ക്കുന്നത്. അതല്ലാതെ പ്ലെഡ്ജ് ഫോം ഒപ്പിട്ടു തരുന്നവരും ബാങ്കുകാരുമായി മറ്റൊരു കരാറുമില്ല, മറ്റു രേഖകളൊന്നും ചോദിക്കുന്നുമില്ല. ഇനി ആരെങ്കിലും പ്രതിമാസ സംഭാവനയ്ക്കു പകരം ഉടനെ പണം തരുവാൻ തയ്യാറാണെങ്കിൽ അതാണ് കൂടുതൽ സ്വീകാര്യം. അപ്പോൾ നമുക്ക് ഡൗൺപേയ്മന്റ് കൂട്ടി, ലോണും പലിശയും കുറയ്ക്കാമല്ലോ.

(11) പ്ലെഡ്ജ് ചെയ്ത വ്യക്തിക്ക് അടുത്ത അഞ്ചു വർഷത്തിനകം നാട്ടിലേയ്ക്കു തീർത്തു പോകേണ്ടിവരികയോ കുടുംബവരുമാനം നിലയ്ക്കുകയോ ചെയ്താൽ എന്തു ചെയ്യും?

അങ്ങനെ അപൂർവ്വമായി സംഭവിച്ചാൽ ആ വിവരം പള്ളിയിൽ അറിയിക്കുമ്പോൾ ഈ പ്രതിമാസ സംഭാവന ഒഴിവാക്കി തരുന്നതാണ്.

(12) അർലിംഗ്ടണിലെ ലോൺ അടയ്ക്കാൻ പറ്റാതെവന്നാൽ അത് മേവുഡ് പള്ളിയെയോ തവണകളായി പണം അടയ്ക്കുന്നവരെയോ സാമ്പത്തികമായി ബാധിക്കുമോ?

ഒരിക്കലുമില്ല. വ്യക്തികളുടെ പ്രതിമാസ സംഭാവനയുടെ രേഖാമൂലമായ ഉറപ്പും, നാം വാങ്ങുന്ന അർലിംഗ്ടണിലെ പ്രോപ്പർട്ടിയുമാണ് ബാങ്കുകാർക്കു നാം നല്കുന്ന ഉറപ്പ്. മൂന്നു മില്യണിലധികം വിലമതിക്കുന്നതാണ് നാം വാങ്ങുന്ന പ്രോപ്പർട്ടി. ബാങ്കിലെ കടം വീട്ടാതെ വന്നാൽ അതു നഷ്ടമാകാം. മേവുഡിലെ പള്ളിയുടെ രേഖയൊന്നും ബാങ്കുകാർക്കു നാം നല്കുന്നില്ല. സേക്രഡ് ഹാർട്ടും സെന്റ് മേരീസും വ്യത്യസ്ത ഫെഡറൽ ഐ.ഡി. നമ്പരുകൾ ഉള്ള, ഇല്ലിനോയി സ്റ്റേറ്റിലെ വ്യത്യസ്ത കോർപ്പറേഷനുകളാണ്. നിയമാനുസൃതം അവയ്ക്ക് വ്യത്യസ്ത വ്യക്തികളുടെപോലെ കടമകളും അവകാശങ്ങളുമാണുള്ളത്. ഒന്നിന്റെ സാമ്പത്തിക നേട്ടമോ കോട്ടമോ മറ്റൊന്നിനെ ബാധിക്കുകയില്ല.

(13) രണ്ടു പള്ളികൾക്കു പകരം കത്തീഡ്രൽ പള്ളിപോലെ ഒരു വലിയ പള്ളിയും ഇടവകയുമായി നിന്നുകൂടേ?

അതായിരുന്നു എന്റെയും ആഗ്രഹമെങ്കിലും ഷിക്കാഗോയിലെ ക്നാനായ കമ്മ്യൂണിറ്റിയിൽ അത് എളുപ്പമല്ല. കമ്മ്യൂണിറ്റി ഇവിടെ പണ്ടു മുതലേ ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ വിഭജിച്ചാണല്ലൊ നിലനിന്നുപോരുന്നത്. ഞാൻ മാത്രമല്ല, മെത്രാന്മാരും മെത്രാപ്പോലീത്താമാരും ശ്രമിച്ചിട്ടും ഇവിടെ ഐക്യം ഉണ്ടാക്കാൻ പറ്റുന്നില്ല. ചിലർക്കു മേവുഡ് സ്വീകാര്യമല്ലെങ്കിൽ അവരെ നിർബന്ധിക്കണ്ടെന്നാണ് പിതാക്കന്മാർ എടുത്ത തീരുമാനം. അതിനെ മറികടക്കാൻ എനിക്കാവുമോ? സെന്റ് മേരീസ് ഇല്ലാതാക്കിയാൽ പലരും മേവുഡിലേയ്ക്കു വരാതെ ലത്തീൻ പള്ളികളിലേയ്ക്കു മാറും. ക്രമേണ അവരെയും, പ്രത്യേകിച്ച് അവരുടെ പിൻതലമുറയേയും സമുദായത്തിനു എന്നേയ്ക്കുമായി നഷ്ടമാകും. അതിനാലാണു നാം രണ്ടു വർഷത്തിലധിക

*(Continued on page 4)*

## നുറുങ്ങുവെട്ടം



എല്ലാവരെയും നിത്യ രക്ഷയിലേയ്ക്കു നയിക്കുവാനും, വളരുന്ന തലമുറയെ 14 വർഷം സഭാപരവും സാമുദായികവുമായി എല്ലാ വാരാന്ത്യത്തിലും പരിശീലിപ്പിക്കുവാനും പള്ളിയ്ക്കല്ലേ കഴിയൂ.

*(Continued from page 3)*

മായി പ്രാർത്ഥിച്ച് വന്നതുപോലെ രണ്ടാമത്തെ പള്ളിയ്ക്കായി ശ്രമിക്കുന്നത്. ക്രമേണ രണ്ടു പള്ളികളും സഹകരിച്ച് നീങ്ങുമ്പോൾ രണ്ടു വീടുകളിൽ വസിക്കുന്ന സഹോദരങ്ങളെപ്പോലെ സാമുദായിക ഐക്യത്തിനു വഴിതെളിക്കുമെന്നാണ് എന്റെ പ്രതീക്ഷ.

**(14) ഹോഫ്മാനിൽ അസ്സോസിയേഷൻ പള്ളിയ്ക്കു സൗജന്യമായി സ്ഥലം തരാമെന്നു പറഞ്ഞിട്ട് എന്തിനാണ് അർലിംഗ്ഡൺ ഹൈറ്റ്സിലേയ്ക്കു മാറുന്നത്?**

ഹോഫ്മാനിലെ സ്ഥലം അൺ-ഇൻകോർപ്പറേറ്റഡും അവികസിതവുമാണ്. ഡ്രെയ്നേജ് സിസ്റ്റം ഇല്ലാത്തതിനാൽ അവിടെ വീഴുന്ന മഴയും മഞ്ഞും അവിടെതന്നെ താഴത്തക്കവിധം റിട്ടൻഷൻ പോണ്ട് ഉണ്ടാക്കണം. അതിനു തന്നെ ഒരേക്കർ സ്ഥലവും വലിയ ചിലവും വരുമെന്നാണറിയുന്നത്. കൂടാതെ സ്വയം പര്യാപ്തമാകത്തക്കവിധം കുക്ക് കൗണ്ടിയുടെ അനുവാദത്തോടെ സിറ്റി കോഡനുസരിച്ച സെപ്റ്റിക് ടാങ്ക്, കിണർ, വാട്ടർടാങ്ക്, വീതികൂടിയ വഴി, ആവശ്യത്തിനു പാർക്കിംഗ് ലോട്ട് ഇവയെല്ലാം ഉണ്ടാകണം. വൈദിക വസതിയ്ക്കും മതബോധന ക്ലാസ്സുകൾക്കും ഉപകരിക്കുമെന്നു കണക്കു കൂട്ടിയിരുന്ന ഹോഫ്മാനിലെ നിലവിലുള്ള കെട്ടിടവും ഉപയോഗരഹിതമായി. അതിനാൽ പള്ളിമാത്രം പോരാ. അപ്പോൾ പള്ളിപണി കൂടാതെ മില്യണുകൾ മുടക്കണമെന്നു മാത്രമല്ല, ഏറെ കാലതാമസം ഉണ്ടാകുകയും ചെയ്യും. ഇതുയെല്ലാം ആവശ്യമാകുമ്പോൾ പള്ളിയ്ക്കും കമ്മ്യൂണിറ്റി സെന്ററിനും കൂടി അവിടെ സ്ഥലം തികയാത്തതിനാലാണ് മറ്റൊരു രണ്ടരയേക്കർ വാങ്ങുവാൻ പള്ളി ശ്രമിച്ചത്. അതിനു ജനം അനുകൂലമായി സഹകരിച്ചില്ല. പൊളിറ്റിക്സില്ലാത്തവർക്കു വേണ്ടത് അമിത ചെലവും കാലതാമസവുമില്ലാതെ തങ്ങൾക്കു അനുദിനം ദിവ്യബലിയ്ക്കു ചെന്നെത്താൻ പറ്റിയ സ്ഥലമാണ്. അർലിംഗ്ഡൺ അതിനു യോജിച്ച പദ്ധതിയാണ്.

**(15) കെ.സി.എസ്. ആറു മാസത്തെ സാവകാശം ചോദിച്ചിട്ട് അച്ചനെന്തേ പരിഗണിക്കാതിരുന്നത്?**

ഓ.എൽ.വി. പള്ളിയിൽ ഞാൻ അവതരിപ്പിച്ചതുപോലെ, ഹോഫ്മാനിൽ പള്ളി പണിയുവാൻ ഞാൻ മൂന്നു വട്ടം ശ്രമങ്ങൾ നടത്തിയിട്ടും പരാജയപ്പെട്ടു. വീണ്ടും ആറു മാസം ചോദിച്ചത് പള്ളി പണിതു തീർക്കാനല്ല, പള്ളിയും ഹോളും അവിടെ പണിയുന്നതിന് സിറ്റി അനുവദിക്കുമോ എന്ന് അറിയുവാൻ മാത്രമാണ്. ആ സമയത്തിനകം അർലിംഗ്ഡൺ പ്രോപ്പർട്ടി നമുക്ക് നഷ്ടമാകും. അർലിഗ്ഡൺ കാര്യമായ ജനപിന്തുണയും പിതാക്കന്മാരുടെ സമ്മതവും ലഭിച്ചസ്ഥിതിയ്ക്ക്, ഞാൻ എന്തിന് അതിന് എതിരുനില്ക്കണം? അസാദ്ധ്യമായതിന്റെ പിന്നാലെ പോകുന്നതിനേക്കാൾ ബുദ്ധി സാദ്ധ്യമായതിന്റെകൂടെ കൂടുന്നതല്ലേ?

**(16) ജൂൺ 7നു നടത്തിയ പൊതുയോഗത്തിൽ എന്തുകൊണ്ടാണ് ചർച്ചയ്ക്ക് അവസരം നല്കാതിരുന്നത്?**

ആ പൊതുയോഗം മെയ് 17നു നടത്തിയ പൊതുയോഗത്തിന്റെ രണ്ടാം ഭാഗമായിരുന്നുവെന്ന് ഞാൻ ജൂൺ 7ന്റെ പൊതുയോഗാരംഭത്തിൽ വ്യക്തമാക്കിയിരുന്നല്ലോ. മെയ് 17ന്റെ പൊതുയോഗത്തിൽ എല്ലാവർക്കും ചർച്ചയ്ക്ക് വേണ്ടത്ര അവസരം നല്കി. അതിനെ തുടർന്ന് പ്രസന്റേഷനുകളുടെ കോപ്പി ആവശ്യപ്പെട്ടിട്ട് അർലിംഗ്ഡൺ പ്രോജക്റ്റിന്റേതു മാത്രമാണ് സമയത്തു തന്നത്. അതു പ്രായോഗികമായി കണ്ടതിനാൽ അതിനാവശ്യമായ സംഭാവനയ്ക്കുള്ള വാഗ്ദാനവുമായി വരുവാൻ ഞാൻ ആവശ്യപ്പെട്ടു. എനിക്കും പിതാക്കന്മാർക്കും ബോദ്ധ്യമാകും വിധം രേഖകളും വാഗ്ദാനവും സമയത്തു സമർപ്പിച്ചതിനാൽ അത് അംഗീകരിക്കാമെന്ന് രൂപതാദ്ധ്യക്ഷൻ അറിയിച്ചു. അതിൻ പ്രകാരം തീരുമാനം അറിയിക്കുവാനും, അതു വിശദീകരിക്കുവാനും, അതു നടപ്പിലാക്കുവാൻ ആവശ്യമായ കമ്മറ്റി രൂപീകരിക്കുവാനുമാണ് ആ പൊതുയോഗം കൂടിയത്. തീരുമാനമായ ശേഷം ചർച്ചയ്ക്ക് അവസരം നല്കുന്നതിനു പ്രസക്തിയില്ലായിരുന്നു.

**(17) ജൂൺ 7ന്റെ പൊതുയോഗത്തിൽ അർലിംഗഡൺ പദ്ധതിയ്ക്ക് ഒപ്പിടാത്തവരോട് ഇറങ്ങിപ്പോകുവാൻ ആവശ്യപ്പെട്ടോ?**

തീരുമാനവും വിശദീകരണവും അതിനോടു യോജിക്കുന്നവരുടെ ഒപ്പിടീലും കഴിഞ്ഞശേഷം, പൊതുയോഗത്തിൽ അവശേഷിച്ചത് ആ പദ്ധതിയ്ക്കുവേണ്ട കമ്മറ്റികളുടെ രൂപീകരണമായിരുന്നു. ആ പദ്ധതിയോടു യോജിക്കാത്തവർ അതു നടപ്പിലാക്കുവാൻ കമ്മറ്റിക്കാരാകുന്നതിനു പ്രസക്തിയില്ലല്ലോ. അതിനാൽ ഒപ്പിട്ടവരുടെ മാത്രം മീറ്റിംഗ് തുടർന്നു കൂടുകയായിരുന്നു.

**(18) ജൂൺ 7ന്റെ പൊതുയോഗത്തിൽ സെക്യൂരിറ്റിയെ വിളിയ്ക്കേണ്ടതുണ്ടായിരുന്നോ?**

അതിനു മുൻപു മെയ് 17നു നടന്ന പൊതുയോഗം നിയന്ത്രാണീതമായതിനാൽ പിരിച്ചു വിടേണ്ടിവന്നല്ലോ. നമ്മുടെതല്ലാത്ത ഓ.എൽ.വി. പള്ളിയിൽ അടുത്ത പൊതുയോഗത്തിലും ബഹളമുണ്ടാകുകയോ, പള്ളി സാധനങ്ങൾക്കു കേടുപാടുകൾ വരുത്തുകയോ ചെയ്തിരുന്നെങ്കിൽ ആ പള്ളി നമുക്കു തുടർന്നു കിട്ടാതാകുമായിരുന്നു. അതിനാൽ മുൻകരുതലെന്നനിലയിൽ ഓ.എൽ.വി. പള്ളിയുടെ സുരക്ഷിതത്വം കരുതിയാണ് ഔദ്യോഗിക വേഷമില്ലാത്ത സെക്യൂരിറ്റിയെ ജനങ്ങൾക്കിടയിൽ ഇരുത്തിയത്. സെക്യൂരിറ്റി ഇല്ലാതെ അവിടെ അനിഷ്ട സംഭവം ഉണ്ടായിരുന്നെങ്കിൽ വേണ്ട മുൻകരുതൽ എടുക്കാത്തതിന്റെ പേരിൽ ഞാൻ കുറ്റക്കാരനാകുമായിരുന്നു.

**(19) രണ്ടു പള്ളി ഉണ്ടാകുമ്പോൾ അസ്സോസിയേഷന്റെ സ്ഥിതി എന്താകും?**

സംഘടനയുടെ നിയമാവലിയിൽ പറയുന്നതുപോലെ സമുദായാംഗങ്ങളുടെ ആത്മീയ ഉന്നമനവും അസ്സോസിയേഷന്റെ ലക്ഷ്യമാകണം. എന്നാൽ ഇപ്പോൾ അതു നടപ്പിലാക്കേണ്ടതു നമ്മുടെ പള്ളികൾ വഴിയാണ്. ഇക്കാര്യത്തിൽ പള്ളികളോട് അസ്സോസിയേഷൻ സഹകരിക്കുകയാണ് വേണ്ടത്. പള്ളിയെ എതിർത്താൽ വിശ്വാസികൾ അസ്സോസിയേഷനെ അവഗണിച്ചെന്നുവരും. അതിനാൽ അസ്സോസിയേഷന്റെ ഭാരവാഹികൾ പള്ളിയിൽ വന്ന്, പള്ളിയുടെ സൗകര്യങ്ങൾകൂടി പ്രയോജനപ്പെടുത്തി ജനോപകാരപ്രദമായ സേവനം ചെയ്യുകയാണ് വേണ്ടത്. അതിന് എത്ര പള്ളി ഉണ്ടായാലും കുഴപ്പമില്ല. എല്ലാ പള്ളികളിലും അസ്സോസിയേഷനു സ്വാഗതമുണ്ടാകും. കൂടാതെ രണ്ടു പള്ളിയിൽ വരുന്നവരെയും യോജിപ്പിച്ചുള്ള സാമുദായിക പരിപാടികൾ സംഘടിപ്പിക്കുവാനും സംഘടനയ്ക്കു കഴിയും. സമുദായ ഐക്യത്തിന് അത് ഉപകരിക്കുമല്ലോ.

**(20) ഇങ്ങനെ പോയാൽ എൽസ്റ്റണിലും ഹോഫ്മാനിലുമുള്ള അസ്സോസിയേഷന്റെ പ്രോപ്പർട്ടികളുടെ സ്ഥിതി എന്താകും?**

അത് അസ്സോസിയേഷനിൽ ആലോചിച്ചെടുക്കേണ്ട തീരുമാനമാണ്. സമുദായത്തിന്റെ പൊതുമുതലായ ഈ രണ്ടു പ്രോപ്പർട്ടികളും നശിക്കാതെ നോക്കുവാൻ ശ്രദ്ധിക്കണം. കാലോചിതമായ സൽപ്രവർത്തികൾ സമുദായത്തിനു കാഴ്ചവെയ്ക്കുവാൻ ഈ പ്രോപ്പർട്ടികൾ അസ്സോസിയേഷൻ പ്രയോജനപ്പെടുത്തണം.

# ആഗസ്റ്റ് ആരംഭത്തിലെ യുവജന ധ്യാനത്തിന്റെ പ്രത്യേകതകൾ

- ലിസി അലക്സ് മുല്ലപ്പള്ളി

രണ്ടു വർഷത്തോളം അനേകം അമ്മമാർ പ്രാർത്ഥിച്ചതിന്റെ ഫലമായി നമ്മുടെ പള്ളിയിൽ ആഗസ്റ്റ് 6,7,8 തീയതികളിൽ യുവജന ധ്യാനം നടത്തുവാൻ ദൈവം തിരുമനസ്സായിരിക്കുന്നു. ഇതിനുവേണ്ടി പ്രാർത്ഥിച്ച എല്ലാ അമ്മമാർക്കും ദൈവനാമത്തിൽ നന്ദിയർപ്പിക്കുന്നു.

ധ്യാനം നായിക്കുന്നത് ന്യൂയോർക്കിൽനിന്നുള്ള ദൈകിംങ്ഡം കം പ്രെയർ ഗ്രൂപ്പാണ്. ബ്രദർ ജോസ് സക്കറിയായും ലീലുവും കുടുംബമായി അമേരിക്കയിലും ക്യാനഡായിലും ഉള്ള അനവധി കുഞ്ഞുങ്ങളേയും മുതിർന്നവരേയും നവീകരണത്തിലേയ്ക്കു കൊണ്ടുവന്നിട്ടുണ്ട്. ലോകം ഇത്രയും പുരോഗമിച്ചപ്പോഴും എങ്ങനെ വിശുദ്ധിയിൽ നിന്നുകൊണ്ട് ദൈവത്തെ പ്രസാദിപ്പിക്കാം എന്നാണ് ബ്രദർ പഠിപ്പിക്കുന്നത്.

ഈ ധ്യാനത്തിന്റെ വലിയ ശക്തി പരിശുദ്ധ കുർബ്ബാനയുടെ ആരാധനയാണ്. അതിലൂടെ അനേകർക്ക് ആത്മീയവും ശാരീരികവുമായ സൗഖ്യം ലഭിക്കുന്നു. സത്യം തന്നെയായ യേശുവിനെ അനുഭവിക്കുവാൻ കുഞ്ഞുങ്ങളെ ഇതു സഹായിക്കുന്നു. അങ്ങനെ ദൈവസ്നേഹം നുകരുന്ന കുഞ്ഞുങ്ങൾക്ക് പാപബോധവും പശ്ചാത്താപവും ലഭിക്കുകയും, അതുവഴി പാപവിമുക്തമായി ജീവിക്കുവാൻ കൃപലഭിക്കുകയും ചെയ്യുന്നു.

ഈ ടീമിന്റെ വലിയ മുതൽക്കൂട്ടാണ് ബ്രദർ സാജൻ ജോവാകിം. കൗൺസിലിംഗിനു വരുന്നവർ സ്വയം വെളിപ്പെടുത്താതെ പരിശുദ്ധാത്മാവിന്റെ പ്രചോദനത്താൽ ഓരോ വ്യക്തിയുടെയും പ്രശ്നങ്ങൾ വിവേചിച്ചറിയുവാനുള്ള കൃപ അദ്ദേഹത്തിനുണ്ട്. ബ്രദർ സാജന്റെ കൗൺസിലിങ്ങിലൂടെ അനേകം കുട്ടികൾ പ്രശ്ന വിമുക്തരായി ദൈവത്തോടു ചേർന്നു നില്ക്കുന്നു. "ദൈവത്തോടു ചേർന്നു നില്ക്കുക. എങ്കിൽ അവിടുന്നു നമ്മോടും ചേർന്നു നില്ക്കും."

യുവജന ധ്യാനത്തിൽ സ്പെഷ്യലൈസ് ചെയ്ത ഫാ. റോബിനും ജീസസ് യൂത്തിലൂടെയും ഷാലോം ടീവിയിലൂടെയും കുഞ്ഞുങ്ങളുടെ ഹരമായി മാറിയ ബിജു മലയാറ്റൂരും തങ്ങളുടെ ഗാനങ്ങളിലൂടെ അനേകം മനസ്സുകളെ ആത്മാവിൽ ജ്വലിപ്പിച്ചിട്ടുണ്ട്. റാണിയും റോണും തങ്ങളുടെ സംഗീതവും ബൈബിൾ ക്ലാസ്സുകളുംവഴി കുഞ്ഞുങ്ങൾക്ക് ദൈവത്തെ കണ്ടെത്തുവാനും അത്മാഭിഷേകത്തിനും ഇടയാക്കുന്നു. ഈ അമൂല്യ ആത്മീയ കൂട്ടായ്മയിലേയ്ക്ക് തങ്ങളുടെ മക്കളെ അയയ്ക്കുവാൻ എല്ലാവരെയും ഹാർദ്ദവമായി ക്ഷണിക്കുന്നു.

വചനം പറയുന്നു: "ക്ഷണിക്കപ്പെട്ടവർ അനവധി; തെരഞ്ഞെടുക്കപ്പെട്ടവരോ ചുരുക്കം." അതിനാൽ ഈ ആത്മീയ വിരുന്നിലേയ്ക്ക് നമ്മുടെ 13 വയസ്സുമുതലുള്ള എല്ലാ കുട്ടികളേയും യുവതീയുവാക്കളെയും കർത്താവു ക്ഷണിക്കുന്നു. അവർ കർത്താവിനാൽ അനുഗ്രഹീതരായി തീരുവാൻ നമുക്കു പ്രാർത്ഥിക്കാം. നമ്മുടെ കുഞ്ഞുങ്ങൾ സഭയ്ക്കും സമുദായത്തിനും കുടുംബത്തിനും മാതാപിതാക്കൾക്കും അഭിമാനകരമായി വളരട്ടെയെന്നു പ്രാർത്ഥിക്കാം.



## EUCHARISTIC RETREAT AND HEALING SERVICE FOR YOUTH

We will have a Youth Retreat at our Parish Church in Maywood.
Time: August 6th and 7th, 2009 (Thursday and Friday) from 9:00 A.M. to 7:00 P.M. and 8th Saturday 9:00 A.M. to 1:00 P.M.
Expected Participants: All our young people who are of age 13 and above.

The Resource Persons: **THY KINGDOM COME** (MATHEW 6:10) **TEAM.**
Fr. Roison Menickal OFM Cap., Bro. Jose Zacharia, Leelu Jose, Bro. Sajan Joachim, Biju Malayattoor, Roni & Rani Isaac.

Parish Coordinators: Lizy Alex Mullappally, Sherly Mathew Thottumkal, Johny Thekkeparambil, Beena Indikuzhy, Femia Puthenpurayil, Sabu Madathiparambil, Saji Poothrukayil, Saly Kizhakkekuttu.



## SEMINAR ON CARDIAC CONDITIONS AMONG INDIANS

Dr. Enas, director of disease management and prevention programs for South Asians initiatives will be presenting on the prevalence of cardiac conditions amongst Indians on Sunday July 19th after mass in Maywood church hall. KCYL Chicago is hosting this program. All are invited.

Dr. Enas is currently the Director of the CADI Research Foundation and Advanced Heart Lipid Clinic in Downers Grove, Illinois and Clinical Associate Professor at University of Illinois at Chicago. He is a member of the American Heart Association and the New York Academy of Science. According to him, Asian Indians around the world have the highest rate of heart disease.

## For Favors Received



- ഒരു വിശ്വാസി






Photo Above: First Feast Celebration of St. Thomas in St. Mary's Unit. Bishop George Palliparamabil was the main celebrant. Photo Below: Planning session at Maywood on Parish Summer Fest to be held on August 9, 2009.





## FIRST FEAST CELEBRATION OF SR. ST. ALPHONSA

On Sunday August 2nd
At 10:00 A.M.
At Maywood Church.

വിശ്വദ്ധ അൽഫോസാമ്മയുടെ
നമ്മുടെ ഇടവകയിലെ
പ്രഥമ തിരുന്നാൾ

ആഗസ്റ്റ് 2 ഞായറാഴ്ച 10:00ന്.

തിരുസ്വരൂപം വെഞ്ചരിക്കൽ, ലദീഞ്ഞ്, കുർബ്ബാന, പ്രസംഗം,
വാദ്യമേളങ്ങളോടു കൂടിയ പ്രദക്ഷിണം.
പ്രസുദേന്തി: മാത്യൂ & അൽഫോൻസാ പൂത്തുറ

## FIRST FRIDAYADORATION SCHEDULE

The following will be the schedule of Sacred Heart Koodara Yogams for First Friday Adorations after 7:00 P.M. mass at Maywood.




| | |
|---|---|
| **August -** | **St. Alphonsa** |
| **September –** | **St. Michael** |
| **October -** | **Little Flower** |
| **November -** | **St. Thomas** |
| **December -** | **St. Stephen** |
| **January -** | **Infant Jesus** |
| **February -** | **St. Peter & Paul** |
| **March -** | **St. Joseph** |

All Koodara Yogam and prayer group members are welcome with their families to actively participate in this.

## READERS / LECTORS — കൈത്താക്കാലം

| | | | |
|---|---|---|---|
| July 19 | PASSAGE | SACRED HEART CHURCH | ST. MARY'S UNIT |
| 1st Reading | Jeremiah 23:1-6 | James Naduveetil | Tina Kaithakkathottiyil |
| 2nd Reading | Ephesians 2:13-18 | Laison Chengummoolayil | Tosmy Kaithakkathottiyil |
| Gospel | Mark 6:30-34 | *When Jesus saw the vast crowd, his heart was moved with pity for them.* | |
| July 26 | PASSAGE | SACRED HEART CHURCH | ST. MARY'S UNIT |
| 1st Reading | 2 Kings 4:42-44 | Reena Naduveettil | Jenny Pillaveettil |
| 2nd Reading | Ephesians 4:1-6 | Elamma Nellamattam | Jessica Choottuvelil |
| Gospel | John 6:1-15 | *Jesus feeds a large crowd with five barley loaves and two fish.* | |

## കൂടാരയോഗ വാർഷിക ക്യാമ്പിംഗ്

### ആഗസ്റ്റ് 21, 22, 23, 2009

Location: **Sunset Lakes Resort,** 2700-290th Street N, Hillsdale , IL 61257

For registration contact: Mr. Sunny Indikuzhi or Manoj Illimoottil with $100 advance.

**Cost:- $50 per Person and $250 max per family.** This include Tent cost & the food during these 3 days.

**Only limited tents are allowed.**

**Amenities include** Tennis, Volleyball, Mini Golf, Basketball, Fishing, Paddle Boats, Canoes, Playground, Outdoor Pool with Lifeguard, Workout Room., and Rock River Access w/boat ramp.

| OFFERINGS | July 12 |
|---|---|
| **St. Mary's Unit** | **125.00** |
| Maywood Church | 1,646.00 |
| Offering Box (Guadalupe) | 124.00 |
| Building Fund | 50.00 |
| Food (Bloomingdale) | 150.00 |
| Sponsored Items | 250.00 |
| Agape Store for charity | 63.00 |
| **TOTAL AT MAYWOOD** | **2,283.00** |

**Thank you for your support.**

## PLEDGE DRIVE FOR ARLINGTON HEIGHTS PROJECT

All are invited to join the monthly donation pledge drive for the proposed St. Mary's Knanaya Catholic Church at Arlington Heights. Please support this good project.






Shijimon Jacob son of Jacob and Annamma from Inchanattu family (Muttom) living in Houston with Nisha Elizabeth Baby daughter of Late Baby Padinjath and Little Flower from Vachachira family living in Chicago. Wedding will be on August 2, 2009. 3/3




Please support our advertisers who make this bulletin possible.




YOU INVITE THE GUESTS, WE DO THE REST

Malabar

Catering &Carry-out

**Professional with 11 years experience in catering.**

Call

**WILLIAM GEORGE**

911 Greenwood Road,
Glenview, IL 60025
Tel: 847-998-5635
Cell 773-842-5179
E-mail:
malabarcat@yahoo.com

**For All Your Tax Services**

**Free Electronic Filing & Fast Refund**
**Sabu Madathiparambil**
**Cell: 847-276-7354**
**Off: 847-655-7472**
**1600 W. Dempster St., Suite 205**
(Opp. to Lutheran General Hospital)
**Park Ridge, IL 60068**
**sabuaphilip@hotmail.com**

**Loan Consultant**

PMSI

**Cell: 847-276-7354**
**Sabu Madathiparambil**
**Professional Mortgage Solutions Inc.**
**sabuaphilip@hotmail.com**
**Home: 847-918-0242**
EQUAL HOUSING LENDER
Illinois Residential Mortgage Licensee
Equal Housing Lender





**Gaanam Videos & Photos Edukkutharayil**

**Professional Touch with Latest Technology.**



***ANIL***
***Cell: 630-202-5969***
***Res: 847-827-7827***



*Your Rehab Specialists*

**Pro-Rehab Services, P.C.**

&

Choicecare Home Health, Inc.



CHOICE CARE Home Health Inc.

Palos Heights and Tinley Park
(708) 489 6PRS or (708) 489-0123
www.pro-rehabservices.com
www.choicecarehh.com

Best Compliments from the Mutholath Family

